കോഴിക്കോട് ജില്ലയിൽ വ്യവസായ മേഖലയിലെ തകർച്ച

60 [3452] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലേ ഓഫ് ചെയ്യപ്പെടുകയോ അടച്ചുപൂട്ടുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അടച്ചുപൂട്ടലിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളിലെ എത്ര സ്ഥിരം, കാഷ്വൽ, അനുബന്ധ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട്;

(സി) എത്ര പേർക്ക് വി. ആർ. എസ്. നൽകി;

(ഡി) എത്ര തുക ഇതിനായി ചെലവു ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 66 വ്യവസായ സ്ഥാപനങ്ങൾ അടച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് എന്നിവയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇടത്തരം വ്യവസായ സ്ഥാപനങ്ങളായ ടാറ്റാ ഓയിൽ മിൽ, കോമൾ വെർജ്ജ് വീവിംഗ് ഫാക്ടറി, കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള മാനിറ്റോ ഇലക്ട്രോണിക്സ് ലിമിറ്റഡ്, മലബാർ ഓർഗാനിക്സ് ലിമിറ്റഡ് എന്നിവയും പ്രവർത്തനം നിലച്ചവയിൽപ്പെടുന്നു.

(ബി) 636 സ്ഥിരം തൊഴിലാളികൾക്കും 44 കാഷ്വൽ തൊഴിലാളികൾക്കും ജോലി നഷ്ടമായിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(സി) & (ഡി) സ്റ്റീൽ കോംപ്ലക്സിലെ 175 ജീവനക്കാർക്കായി 392 ലക്ഷം രൂപയും, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡിലെ 207 ജീവനക്കാർക്കായി 487.50 ലക്ഷം രൂപയും, വി. ആർ. എസ്. നൽകുന്നതിനായി നൽകിയിട്ടുണ്ട്. കൂടാതെ, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിലെ 226 പേർക്ക് വി. ആർ. എസ്. നൽകുവാനായി 567 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വികലാംഗ ക്ഷേമത്തിന് പദ്ധതികൾ

61 [3466] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ഡി. സുഗതൻ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗരുണ്ട്; വികലാംഗക്ഷേമത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികലാംഗർക്ക് ഗവൺമെന്റ് സർവ്വീസിൽ ഉദ്യോഗം സംവരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് (ഈക്വൽ ഓപ്പർച്ചൂണിറ്റീസ് പ്രൊട്ടക്ഷൻ ഓഫ് റൈറ്റ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) ആക്ട് 1995-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എന്തെല്ലാം അവകാശങ്ങൾ അവർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്;

(ഡി) ബാക്കി അവകാശങ്ങൾ അനുവദിക്കാത്തത് എന്ത് കൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ വർഷത്തിൽ വികലാംഗർക്കുവേണ്ടി എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) 8,60,794 പേർ

വികലാംഗ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ 3% സംവരണം

(2) വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്, പാസ് ബുക്ക് എന്നിവ നൽകുന്ന പദ്ധതി

(3) ചികിത്സാ ധനസഹായ പദ്ധതി

(4) പെൻഷൻ പദ്ധതി

(5) അന്ധർ, ശാരീരിക വൈകല്യം ബാധിച്ചവർ എന്നീ വിഭാഗങ്ങളിലെ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്/ധനസഹായം എന്നിവ നൽകുന്ന പദ്ധതി

(6) ഇന്റർവ്യൂ/എഴുത്തുപരീക്ഷ എന്നിവയിൽ പങ്കെടുക്കുന്ന വികലാംഗർക്ക് യാത്രാ അലവൻസ്

(7) വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ്

(8) സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ്

(9) ഒന്നാം ക്ലാസ് മുതൽ തുടർന്ന് വിദ്യാഭ്യാസം നടത്തുന്ന വികലാംഗർക്ക് സ്കോളർഷിപ്പ്

(10) വികലാംർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾവഴി കമ്പ്യൂട്ടർ, ടെയിലറിംഗ്, ബുക്ക് ബയന്റിംഗ് തുടങ്ങിയവയിൽ പരിശീലനം

GPM. 2/247/2012.—13

LIBRARY ARCHIVES Kerala Legislative Assembly

(11) സ്തുത്യർഹമായ സേവനം നടത്തുന്ന വികലാംഗർക്കും ജോലി നൽകുന്ന സ്ഥാപനങ്ങൾക്കുമുള്ള സംസ്ഥാന സർക്കാർ അവാർഡ്

(12) വികലാംഗരായ വൃദ്ധർ/സ്ത്രീകൾ/കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ

(13) വികലാംഗരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വികലാംഗക്ഷേമ കോർപ്പറേഷൻ .

(ബി) ഉണ്ട്.

(സി) & (ഡി) വിദ്യാഭ്യാസം തൊഴിൽ മേഖലകളിൽ 3% സംവരണം നടപ്പിലാക്കിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.-യിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ 3% സംവരണം നൽകിയിട്ടുണ്ട്.

(ഇ) വികലാംഗരായവരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കുംമുള്ള വിവാഹ ധനസഹായം നൽകുന്ന പദ്ധതി, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരം വികലാംഗർക്ക് പുതിയ കമ്പ്യൂട്ടർ പരിശീലന പരിപാടി, ബുക്ക് ബയന്റിംഗ് യൂണിറ്റ് വികസിപ്പിക്കുക, തിരുവനന്തപുരം സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ച് പ്രിന്റിംഗ് യൂണിറ്റ്, പ്രിന്റിംഗ് ടെക്നോളജി കോഴ്സ് എന്നിവ ആരംഭിക്കുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി പദ്ധതികൾ

62 [3467] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ ഓഫീസുകളിൽ വർഷങ്ങളായി ജോലി നോക്കുന്നവരും 1998-ന് ശേഷം ജോലി നോക്കി പിരിഞ്ഞു പോയവരുമായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലികമായി നിയമിക്കപ്പെട്ട് 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താല്ക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly